ഉത്തരം

(എ) സംസ്ഥാനത്തെ ഏക ഡീംഡ് യൂണിവേഴ്സിറ്റി തിരുവനന്തപുരത്തെ ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി ആണ്.

(ബി) ഇല്ല.

(സി) കോളേജുകൾക്ക് ഓട്ടോണമസ് പദവി നൽകുന്നതു സംബന്ധിച്ച് യു. ജി. സി. ഷോർട്ട് ലിസ്റ്റ് സർക്കാരിന് നൽകിയിട്ടില്ല.

ബി. എസ്സി. നഴ്സിംഗ് പ്രവേശനം

95 [3078] *ശ്രീ. കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അധ്യയനവർഷം (2004-2005) സംസ്ഥാനത്ത് ഗവൺമെന്റിലും സെൽഫ് ഫിനാൻസിംഗ് കോളേജുകളിലുമായി എത്ര ബി.എസ്സി. നേഴ്സിംഗ് സീറ്റുകളാണ് ഉണ്ടായിരുന്നത്; ഇതിൽ മെറിറ്റ് സീറ്റുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 2004-ൽ കേരള പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മെഡിക്കൽ എൻട്രൻസ് റാങ്ക് ലിസ്റ്റിൽ നിന്നും ബി.എസ്സി. നേഴ്സിംഗ് മെറിറ്റ് സീറ്റുകളിലേക്ക് എത്രപേരെ അലോട്ട് ചെയ്ത് പ്രവേശനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) മുഴുവൻ മെറിറ്റ് സീറ്റുകളിലേക്കും റാങ്ക് ലിസ്റ്റിൽനിന്നും അലോട്ട്മെന്റ് നടത്താതെ മെറിറ്റ് സീറ്റുകൾ മാനേജ്മെന്റുകൾക്ക് വിട്ടുകൊടുക്കുകയുണ്ടായോ; എങ്കിൽ എത്രയെന്നും ഇതിനുള്ള കാരണവും വ്യക്തമാക്കാമോ;

(ഡി) 9-11-2004-ലെ കൗൺസിലിങ്ങിൽ ഹയർ ഓപ്ഷൻ നൽകുകയും 30-11-2004-ൽ പ്രത്യേകം അപേക്ഷിക്കുകയും ചെയ്തിട്ടും 16712-ാം റോൾ നമ്പർ കുട്ടിക്ക് ബി.എസ്സി. നേഴ്സിംഗിന് ഗവൺമെന്റ് മെറിറ്റ് സീറ്റിൽ അഡ്മിഷൻ നൽകാതിരുന്നതിന്റെ കാരണം വിശദീകരിക്കാമോ?

ഉത്തരം

(എ) 2004-2005 അധ്യയനവർഷം സംസ്ഥാനത്ത് ഗവൺമെന്റിലും സെൽഫ് ഫൈനാൻസിങ് കോളേജുകളിലുമായി ആകെ 2230 ബി.എസ്സി. നേഴ്സിംഗ് സീറ്റുകളാണ് ഉണ്ടായിരുന്നത്. ഇതിൽ 1201 സീറ്റുകൾ മെറിറ്റ് സീറ്റുകളായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2004-ൽ ബി.എസ്സി. നഴ്സിംഗ് മെരിറ്റ് സീറ്റിലേക്ക് 981 വിദ്യാർത്ഥികളെ അലോട്ട് ചെയ്തിരുന്നു.

(സി) 220 സീറ്റുകൾ നികത്താതെകിടന്നിരുന്നു. റാങ്ക് ലിസ്റ്റിലുള്ള എല്ലാ വിദ്യാർത്ഥികളെയും സീറ്റ് അലോട്ട്മെന്റിന് ക്ഷണിച്ചശേഷം മിച്ചംവന്ന സീറ്റുകളാണ് ലാപ്സ്ഡ് സീറ്റുകളായി പരിഗണിച്ചത്. സർക്കാർ സീറ്റുകൾ വിദ്യാർത്ഥികളുടെ റാങ്ക്, ഓപ്ഷൻ സംവരണ ആനുകൂല്യം എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ നികത്താൻ വ്യവസ്ഥയുള്ളു. ഒരുവിഭാഗത്തിന് അനുവദിച്ച സീറ്റുകൾ മറ്റൊരു വിഭാഗത്തിന് മാറ്റിനൽകാൻ വ്യവസ്ഥയില്ല.

(ഡി) റോൾ നമ്പർ 16712 കുട്ടിയുടെ മെഡിക്കൽ റാങ്ക് 28778 ആയിരുന്നു. ഈ കുട്ടിക്ക് അർഹമായ റ്റി. സി. മെറിറ്റിൽ 14426-ാം റാങ്കുള്ള വിദ്യാർഥിക്കുവരെ മാത്രമേ അഡ്മിഷൻ നൽകാൻ കഴിഞ്ഞിട്ടുള്ളു. ഒരുവിഭാഗത്തിനു നീക്കിവച്ചിട്ടുള്ള സീറ്റുകൾ മറ്റൊരു വിഭാഗത്തിനു നൽകാൻ വ്യവസ്ഥയില്ല.

കേരളത്തിൽ എയ്ഡഡ് മേഖലയിലെ ബി. എഡ്. കോളേജുകൾ

96 [3079] *ശ്രീ. പി. കെ. കെ. ബാവ:*
,, *സി. ടി. അഹമ്മദ് അലി:*
,, *സി. മമ്മൂട്ടി:*
,, *കളത്തിൽ അബ്ദുള്ള:*
,, *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എയ്ഡഡ് മേഖലയിൽ എത്ര ബി. എഡ്. കോളേജുകൾ നിലവിലുണ്ട്;

(ബി) ഇവയുടെ മാനേജ്മെന്റുകളുടെ സമുദായം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) ന്യൂനപക്ഷ മാനേജ്മെന്റുകളിൽ എത്ര എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ നിലവിലുണ്ട്;

(ഡി) മുസ്ലീം മാനേജ്മെന്റിനുകീഴിൽ നിലവിൽ ജനസംഖ്യാനുപാതികമായി കോളേജുകൾ നിലവിലില്ലെങ്കിൽ അവ എയ്ഡഡ് മേഖലയിൽത്തന്നെ അനുവദിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly